بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 03.08.18 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*03.08.18 ന് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## അഹ്മദി, അതു അതിഥിയാവട്ടെ ആതിഥേയനാവട്ടെ, ഉന്നതസ്വഭാവഗുണങ്ങൾ കാഴ്ച വെക്കേണ്ടവർ തന്നെയാണല്ലോ. പ്രത്യേകിച്ചും ജൽസയിലെ അതിഥികളുടെ സേവനത്തിനായി തങ്ങളെ സമർപ്പിച്ചവർ കൂടുതലായി ധാർമികഗുണങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

അൽഹംദുലില്ലാഹ്. ജൽസ സാലാനയിൽ ഒരിക്കൽ കൂടി പങ്കെടുക്കാനുള്ള തൗഫീഖ് നമുക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഇതിന്റെ ആത്മീയാന്തരീക്ഷത്തെ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. ശ്രദ്ധയോടും നിശ്ശബ്ദമായും ജൽസയുടെ പ്രോഗ്രാമുകൾ കേൾക്കണം. എങ്കിൽ മാത്രമേ ജൽസയിൽ പങ്കെടുക്കുന്നത് ഗുണം ചെയ്യുകയുള്ളു.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: ജൽസയുടെ പ്രവർത്തനങ്ങളിൽ കുറ്റങ്ങളും കുറവുകളും ഉണ്ടാവാറുണ്ട്. പ്രവർത്തകർ തങ്ങളുടെ ജോലികളെ പരിശോധിച്ച് അവയെ ശരിയാക്കാൻ ശ്രമിക്കുന്നതോടൊപ്പം അതിഥികളും ഈ കുറ്റങ്ങളെയും കുറവുകളെയും കണ്ണടക്കുകയും പ്രവർത്തകർക്ക് സഹായം ആവശ്യമായി വരുമ്പോൾ സ്വയം മുന്നോട്ടു വന്ന് സഹായത്തിനായി തങ്ങളെ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. നാം പരസ്പരം ഭാരം വഹിക്കുമ്പോഴാണ് നമ്മിൽ ഏകീഭാവം സംജാതമാവുകയുള്ളു. ഈ മൗലികസംഗതിയെ അതിഥികളും ആതിഥേയരും ഓർമവെയ്ക്കേണ്ടതുണ്ട്.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: ഇപ്പോൾ ഞാൻ അതിഥികളും ആതിഥേയരുമായ ഇരുകൂട്ടരെയും ചില കാര്യങ്ങൾ ഉണർത്തുന്നതാണ്. ഏറ്റവും ആദ്യം പ്രവർത്തകരുമായി ബന്ധപ്പെട്ട സംഗതിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവകല്പനയാൽ തുടങ്ങി വെച്ച ജൽസ സാലാനയിൽ പങ്കെടുക്കാൻ വേണ്ടി വന്നവരെ സേവിക്കാനാണ് അവർ തങ്ങളെ സമർപ്പിച്ചിരിക്കുന്നത്; വല്ല ഭൗതികമേളയിലും പങ്കെടുക്കാൻ വേണ്ടി വന്നവരല്ല; തങ്ങളുടെ ആദ്ധ്യാത്മികവും വൈജ്ഞാനികവും ധാർമികവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഒരുമിച്ചു കൂടിയവരാണ്. ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയുടെയും ചിന്ത ഇതു തന്നെയാണ് എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവർ ചിന്തിക്കേണ്ടതും അങ്ങനെയായിരിക്കണം. അല്ലാത്തപക്ഷം അവർ ജൽസയിൽ പങ്കെടുക്കുന്നത് നിരർഥകമാണ്. അതിഥികളുടെ മനോഭാവം എങ്ങനെയുള്ളതാണെങ്കിലും പ്രവർത്തകർ ഉന്നതസ്വഭാവഗുണങ്ങൾ കാഴ്ച വെച്ചുകൊണ്ട് അവരുടെ വികാരവിചാരങ്ങളെ ശ്രദ്ധിക്കണമെന്നത് ഏപ്പോഴും ഓർക്കേണ്ടതാണ്. അപ്പോൾ മാത്രമേ നാം ദൈവത്തിന്റെ തൃപ്തിയും പ്രീതിയും കരസ്ഥമാകുന്നവരായി മാറുകയുള്ളു.

നാം വിശ്വസിക്കുന്ന നബിയുടെ മാതൃക അതിഥിക്കു വേണ്ടി എപ്രകാരമായിരുന്നു? പട്ടണത്തിൽ താമസിച്ചിരുന്നവർ നിത്യവും തിരുമേനിയെ കാണുന്നവർ. അവരെ ദാരിദ്ര്യമോ മറ്റോ കാരണത്താൽ ഭക്ഷണത്തിനു വിളിച്ചാൽ അവർ ദീർഘനേരം സംസാരിക്കാൻ തുടങ്ങുന്നതിനാൽ തിരുമേനിയുടെ വിശ്രമത്തിനും ജോലിക്കും അതു തടസ്സം സൃഷ്ടിച്ചു. എങ്കിലും, നിങ്ങൾ സമയത്തിനു മുൻപ് വരരുത്; ഞാൻ തിരക്കിലാണ്; ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ ഉടനെ പോയ്ക്കൊള്ളുക., നിങ്ങൾ ഇരിക്കുന്നതു കാരണം എന്റെ ചില ജോലികൾ ചെയ്യാൻ കഴിയാതെ വരുന്നു എന്നൊന്നും തിരുമേനി പറയാറുണ്ടായിരുന്നില്ല. ജനങ്ങളുടെ ഈ അവസ്ഥയും അതിഥികളോടു സഹനത്തോടെ സധൈര്യം പെരുമാറുന്ന നബി(സ)തിരുമേനിയെയും കണ്ടു കൊണ്ട് അല്ലാഹു പറഞ്ഞു: ഫയസ്തഹ്‌യീ മിൻകും. അതായത്, നിങ്ങളുടെ വികാരങ്ങളെ മാനിച്ച് നിങ്ങളെ തടയുന്നതിൽ അദ്ദേഹം ലജ്ജ കാണിക്കുന്നു. എന്നാൽ, ഇക്കാര്യം പറയുന്നതിന് അല്ലാഹുവിന് ഒന്നും തടസ്സമല്ല. അതുകൊണ്ട് നബിയുടെ വീട്ടിൽ അനാവശ്യമായി ദീർഘനേരം ചെലവഴിച്ച് അദ്ദേഹത്തിന് പ്രയാസമുണ്ടാക്കരുത്. ഒരുഭാഗത്ത് അല്ലാഹു നബി(സ)തിരുമേനിയുടെ ആതിഥ്യമര്യാദയുടെ ഏറ്റവും ഉന്നതമായ മാതൃകയെക്കുറിച്ച് സ്മരിക്കുകയും ഉന്നതസ്വഭാവഗുണങ്ങളെക്കുറിച്ച് വിവരിക്കുകയും ചെയ്യുമ്പോൾ, മറുഭാഗത്ത് അതിഥികളോട് പരിധി ലംഘിക്കരുതെന്ന് അല്ലാഹു പ്രത്യേകം ശാസിക്കുന്നു. അതിഥികൾ തങ്ങൾ അതിഥികളാണെന്നതിനെ ദുരുപയോഗപ്പെടുത്തരുത്.

മറ്റുള്ളവരോടുള്ള നബി(സ)തിരുമേനിയുടെ ആതിഥ്യമര്യാദയുടെയും ഉന്നതമായ സഹനത്തിന്റെയും നിലവാരം മനുഷ്യനെ വിസ്മയിപ്പിക്കുന്നതാണ്. അതിന് ഉദാഹരണവും നാം കാണുന്നു. ഒരമുസ്‌ലിം അതിഥിയായി വരുന്നു. അവിടന്ന് അയാൾക്ക് വിരുന്നൊരുക്കി അയാളെ സത്ക്കരിച്ചു. രാവിലെ എഴുന്നേറ്റു പോകുമ്പോൾ അതിഥി കിടക്ക വൃത്തികേടാക്കി സ്ഥലം വിടുന്നു. നബി(സ)തിരുമേനി സ്വയം അതു കഴുകുന്നതു കണ്ട സഹാബാക്കൾ "ഞങ്ങളുണ്ടല്ലോ, ഞങ്ങൾക്കും സേവനത്തിനുള്ള അവസരം തന്നാലും, അങ്ങെന്തിന് പ്രയാസപ്പെടണം" എന്നു ചോദിച്ചപ്പോൾ അവർക്ക് തിരുമേനി മറുപടി നല്കിയത് "അതെന്റെ അതിഥിയായിരുന്നു, അതുകൊണ്ട് ഞാൻ തന്നെ അയാളുടെ വിസർജ്യം വൃത്തിയാക്കും" എന്നാണ്. സമാനതകളില്ലാത്ത ഏറ്റവും ഉന്നതമായ മാതൃകയാണിത്.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: നമ്മുടെ ജൽസയിൽ സ്വന്തക്കാരും അന്യരും ഒക്കെ വരുന്നു. വരുന്നവരെല്ലാം തന്നെ ഉന്നതസ്വഭാവഗുണങ്ങൾ പുലർത്തുന്നവരാണ്. ദീൻ പഠിക്കുന്നതിന് വേണ്ടി, അല്ലെങ്കിൽ ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും കുറിച്ച് അറിയുന്നതിനു വേണ്ടി വരുന്നവരാണ്. മാനുഷികമായ ദൗർബല്യങ്ങൾ എല്ലാവരിലും കാണും. ഇനി വല്ല ഏറ്റക്കുറച്ചിലുമുണ്ടായാൽ, ആരെങ്കിലും പരിധിവിട്ട് പെരുമാറിയാൽ തന്നെ ഇവരെല്ലാം ദുസ്സ്വഭാവികളാണെന്നോ ഇവരുടെ ഉദ്ദേശ്യം ശരിയല്ലെന്നോ നാം പറയാൻ പാടില്ല. ഇത് മാനുഷിക ദൗർബല്യങ്ങളാണ് ചിലപ്പോൾ അവ കൂടിയും കുറഞ്ഞുമൊക്കെ ഇരിക്കും. ഇനിയുണ്ടായാൽ തന്നെ സഹിക്കേണ്ടതാണ്. അഹ്മദി, അതു അതിഥിയാവട്ടെ ആതിഥേയനാവട്ടെ, ഉന്നതസ്വഭാവഗുണങ്ങൾ കാഴ്ച വെക്കേണ്ടവർ തന്നെയാണല്ലോ. പ്രത്യേകിച്ചും ജൽസയിലെ അതിഥികളുടെ സേവനത്തിനായി തങ്ങളെ സമർപ്പിച്ചവർ കൂടുതലായി ധാർമികഗുണങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്. പ്രവർത്തകരുടെ ഭാഗത്തു നിന്നു സഹനവും സദ്ഗുണങ്ങളും പ്രകടമായാൽ മറ്റുള്ളവർ സ്വയം തന്നെ ലജ്ജിച്ചു പോകും. അതുകൊണ്ട് ഓരോ വകുപ്പിലും ഡ്യൂട്ടി നല്കുന്നവർ തങ്ങളുടെ ഡ്യൂട്ടിസ്ഥലങ്ങളിൽ ഉന്നത സ്വഭാവഗുണങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനെ ഈ ദിനങ്ങളിൽ വലിയൊരു ചാലഞ്ചായി മനസ്സിലാക്കി സദ്ഗുണങ്ങൾ പ്രകടിപ്പിക്കുക. ഇക്കാര്യത്തിലേക്ക് ഉദ്ബോധനം നല്കിക്കൊണ്ട് അല്ലാഹു പറയുന്നു: ഖൂലൂ ലിന്നാസി ഹുസ്നാ. അതായത്, ജനങ്ങളോട് നല്ലതും മൃദുവായതുമായ കാര്യങ്ങൾ പറയുക. നല്ല നിലയിൽ സംസാരിക്കുക. കലഹങ്ങൾ അവസാനിപ്പിക്കുന്നതിനും ഉന്നതസ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കുന്നതിനും അനിവാര്യമായ അടിസ്ഥാന സംഗതികളാണിവ. ഈ തത്ത്വങ്ങൾ പ്രത്യേകസന്ദർഭങ്ങളിലേക്കു മാത്രമല്ല, മറിച്ച് എല്ലാ കാലത്തേക്കുമുള്ളതാണ്. മനുഷ്യന് ഇതു ശീലമായിക്കഴിഞ്ഞാൽ പിന്നെ സംഘർഷങ്ങളും അതിക്രമങ്ങളും ഒരിക്കലും ഉണ്ടാകാവതല്ല. അതുകൊണ്ട് ഇവിടെയും ആതിഥേയരും അതിഥികളും ഈ ദൈവകല്പനയെ സദാ മുന്നിൽ വെയ്ക്കേണ്ടതാണ്. ഈ ദിനങ്ങളിൽ പ്രത്യേകിച്ചും ഇതു പ്രാവർത്തികമാക്കേണ്ടതാണ്. എല്ലാവരും ചേർന്നു കൊണ്ട് ഈ അന്തരീക്ഷത്തെ സവിശേഷമായ നിലയിൽ സന്തോഷപ്രദമാക്കേണ്ടതുണ്ട്; നാം ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ ഒരുമിച്ചു കൂടിയത് അതു നിറവേറ്റുന്നതിനു വേണ്ടി. ധാർമ്മികവും ആദ്ധ്യാത്മികവുമായ സ്വന്തം അവസ്ഥയെ മെച്ചപ്പെടുത്തുക എന്നതാണത്. കർമങ്ങളുടെ തുലാസിൽ സദ്സ്വഭാവങ്ങളേക്കാൾ ഭാരമുള്ള മറ്റൊന്നില്ല എന്ന് നബി(സ)തിരുമേനി അരുൾ ചെയ്യുന്നു. അതുപോലെ, നല്ല സ്വഭാവഗുണങ്ങളുടെ ഉടമ നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നവന്റെ പദവി കരസ്ഥമാക്കുന്നു. അതായത്, അവന് നന്മ ചെയ്യാനുള്ള തൗഫീഖ് ലഭിക്കുന്നു. ആ നന്മ പിന്നീട് പല നന്മകൾക്കും ജന്മം നല്കിക്കൊണ്ടേ പോകുന്നു. അതുകൊണ്ട് മറ്റുള്ളവർ എങ്ങനെ പെരുമാറിയാലും പ്രവർത്തകരുടെ മുഖങ്ങളിൽ സദാ പുഞ്ചിരി വിടർന്നു കൊണ്ടിരിക്കാൻ അവർ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്. ഈ ബാഹ്യമായ അവസ്ഥയുടെ സ്വാധീനം അവരുടെ ഹൃദയത്തെയും ബാധിക്കുന്നു. അങ്ങനെ മനസ്സിൽ ഒരു കാഠിന്യവും സംജാതമാകാത്തതിനാൽ ചിലപ്പോൾ കോപാവേശത്താൽ എടുത്തു പോകുന്ന തീരുമാനങ്ങളും ഇല്ലാതായിത്തീരും. നബി(സ)തിരുമേനിയുടെ സ്വഭാവഗുണങ്ങളുടെ ഉന്നത നിലവാരം വിവരിച്ചു കൊണ്ട് ഒരു സഹാബി പറയുന്നു: "തിരുമേനിയേക്കാൾ ചിരിക്കുകയും മന്ദഹസിക്കുകയും ചെയ്യുന്ന മറ്റൊരു മുഖം ഞാൻ കണ്ടിട്ടില്ല." നബി(സ)തിരുമേനി തന്റെ വിശ്വാസികളെ ഇപ്രകാരം ഉപദേശിച്ചു: മൃദുഭാവം അവലംബിക്കുക. എന്തെന്നാൽ, മൃദുഭാവത്തിൽ നിന്ന് അകറ്റപ്പെട്ടവൻ നന്മയിൽ നിന്ന് അകറ്റപ്പെടുന്നു." പ്രവർത്തകരും ജൽസയിൽ പങ്കെടുക്കുന്നവരും ഈ സംഗതി ഗ്രഹിക്കുന്ന പക്ഷം ഈ അന്തരീക്ഷത്തിന്റെ ബർക്കത്തുകൾ കാരണം അതു ദൈവികാനുഗ്രങ്ങളെ വാരിക്കൂട്ടുന്നതാക്കും.

അതോടൊപ്പം ജൽസയിൽ പങ്കെടുക്കുന്നവരോടും ഞാൻ പറയുകയാണ്. ജൽസയുടെ ഇത്ര വിപുലമായ സംവിധാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്നദ്ധ സേവനം മുഖേനയാണ് നടക്കുന്നത്. ഇവരാരും നമ്മുടെ ജോലിക്കാരല്ല. ചിലരാണെങ്കിൽ, ഉന്നതഉദ്യോഗം വഹിക്കുന്നവരാണ്. വാഗ്ദത്ത മസീഹി(അ)ന്റെ അതിഥികളെ സേവിക്കാൻ ഒരു വികാരാവേശത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. അതുപോലെത്തന്നെ സെക്കൻഡറി സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന യുവാക്കളും ആണുകുട്ടികളും പെൺകുട്ടികളും അതുപോലെത്തന്നെ ചെറിയ കുട്ടികളുമുണ്ട്. ഒരാവേശത്തോടെയാണ് ഇവരെല്ലാവരും സേവനം ചെയ്യുന്നത്. അതുകൊണ്ട് എവിടെയെങ്കിലും വല്ല കുറ്റമോ കുറവോ കണ്ടാൽ കണ്ണടയ്ക്കേണ്ടതാണ്. ഒരതിഥി വല്ല വകുപ്പിലും കുറവ് കാണുകയാണെങ്കിൽ പ്രവർത്തകരോട് ഇടയുന്നതിനു പകരം ബന്ധപ്പെട്ട ഇൻചാർജിനെ എഴുതി അറിയിക്കുകയാണു വേണ്ടത്. ഈ വർഷം ആ കുറവു നികത്താൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത വർഷത്തേക്ക് ശ്രദ്ധിക്കാൻ സാധിക്കുന്നതാണ്. നമ്മുടെ ജമാഅത്ത് വ്യവസ്ഥിതിയുടെ പ്രത്യേകത തന്നെ, കുറവുകൾ ചൂണ്ടിക്കാട്ടുമ്പോൾ അവ ദൂരീകരിക്കാൻ ശ്രമിക്കുന്നു എന്നതാണ്. അങ്ങനെയാണ് വേണ്ടതും.

ഭക്ഷണം പാകം ചെയ്യുക എന്നത് അതിഥിസത്കാരത്തിന്റെ ഒരു സുപ്രധാന വകുപ്പാണ്. ഭക്ഷണം പാകം ചെയ്യുന്നവർ അതു വേണ്ടവിധം വേവിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻശാഅല്ലാഹ് അതിഥികൾക്ക് പരാതിയുണ്ടാകില്ല എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇനിയുണ്ടെങ്കിൽ തന്നെ കോപം നിറഞ്ഞ സ്വരത്തിലാവരുത്; ഇന്ന കുറവുണ്ട് അതു നികത്തുക എന്ന് സ്നേഹത്തോടെ ഉണർത്തുക.

ജൽസയിൽ പങ്കെടുക്കുന്നവർ മറ്റൊരു കാര്യവും കൂടി ശ്രദ്ധിക്കേണ്ടതാണ്. വ്യർഥവും അനാവശ്യവുമായ സംഗതികളെ വിശ്വാസി ഉപേക്ഷിക്കുന്നു എന്നതും ഇസ്‌ലാമിലെ ഒരു സദ്ഗുണമാണ്. ഇതു നബി(സ) പറഞ്ഞിട്ടുള്ളതാണ്. ശുദ്ധമായ ദൈവികജൽസ എന്ന് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുള്ള ഈ ജൽസയിൽ വ്യർഥവും സമയം പാഴാക്കുന്നതുമായ സർവസംഗതികളെയും വർജിക്കേണ്ടതാണ്. ജൽസ പരിപാടികൾ സശ്രദ്ധം കേൾക്കുക. അങ്ങേയറ്റം നിർ

ബന്ധ സാഹചര്യത്തിലല്ലാതെ ജൽസഗാഹിൽ നിന്നും എഴു ന്നേറ്റു പോകരുത്.

ലൗകികതയുടെ ഇക്കാലത്ത് യുവാക്കളെ ദീനിന്റെ പ്രാധാ ന്യം ബോധ്യപ്പെടുത്തുകയും ദീനിനോട് ബന്ധപ്പെടുത്തുക യും ചെയ്യുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. മാതാ പിതാക്കൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ നല്കേണ്ട തുണ്ട്. ഓരോ മാതാവും പിതാവും ഇതിനു വേണ്ടി ശ്രമി ക്കേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീ ഖ് നല്കുമാറാകട്ടെ.

ശിക്ഷണപരമായി നോക്കുമ്പോൾ, ദീനുമായി ബന്ധപ്പെ ടുത്തുന്ന കാര്യത്തിൽ മർമപ്രധാനമായ കാര്യം ഇബാദ ത്താണ്. അതു സ്വയം നിർവഹിക്കുന്നതോടൊപ്പം നമസ്കാര സമയങ്ങളിൽ കുട്ടികളെയും കൂടെ കൊണ്ടു വരിക. പള്ളി യിൽ നിന്നോ നിസ്കാര സെന്ററുകളിൽ നിന്നോ വീട് ദൂരെ യാണെങ്കിൽ വീടുകളിൽ ജമാഅത്തായ നമസ്കാരത്തി നുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ, പ്രവർത്തകരും നമസ്കാര കാര്യത്തിൽ ശ്രദ്ധിക്കുക. നമസ് കാരത്തിൽ ശ്രദ്ധയില്ലെങ്കിൽ നമ്മുടെ മറ്റു പ്രവർത്തന ങ്ങളെല്ലാം വ്യർഥമാണ്.

സംഘാടനം എന്ന നിലയിൽ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. വാഹനങ്ങളിൽ വരുന്നവർ സംഘാട കരുമായി സഹകരിക്കുക. മസ്ജിദ് ഫളലിൽ നമസ്കരിക്കാൻ വേണ്ടി വരുന്നവർ അയൽവാസികൾക്ക് തടസ്സം ഉണ്ടാകാ ത്ത സ്ഥലത്ത് ആയിരിക്കണം വാഹനം പാർക്ക് ചെയ്യേണ്ടത്. അവരുടെ വീടുകളിലേക്കുള്ള വഴി തടസ്സപ്പെടുത്തി ബുദ്ധി മുട്ടിക്കരുത്.

ക്ലീനിംഗ് വകുപ്പും ജൽസ സംവിധാനത്തിന്റെ ഭാഗമാണ്. ഇതിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വൃത്തിയും ശുചിത്വവും വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഞാൻ എപ്പോ ഴും ഉണർത്താറുള്ളതാണ്. ഇതെപ്പോഴും ഓർമയുണ്ടാ യിരിക്കണം. കുളിമുറിയും ടോയിലറ്റും വൃത്തിയായി സൂക്ഷി ക്കുന്നതിൽ പ്രവർത്തകരും അതിഥികളും ശ്രദ്ധിക്കുക. അതു പോലെ, റോഡുകളിലും നടപ്പാതകളിലും തുറന്ന മൈതാ നങ്ങളിലും മറ്റും ഗ്ലാസ്സ്,ടിൻ, കവറുകൾ തുടങ്ങിയ വസ്തു ക്കൾ കണ്ടാൽ അവയെടുത്ത് ഡെസ്റ്റ് ബിന്നിൽ ഇടുക.

ഇനി സുരക്ഷയുടെ കാര്യത്തിൽ നമ്മുടെ ചുറ്റുപാടും ഒരു കണ്ണുണ്ടായിരിക്കേണ്ടതാണ്. ജൽസഗാഹിന്റെ അകത്തും പുറത്തും കുഴപ്പക്കാർ പ്രശ്നമുണ്ടാക്കിയേക്കാം. ഇക്കാര്യ ത്തിൽ ശ്രദ്ധയുണ്ടായിരിക്കണം. സംശയാസ്പദമായ വല്ല സംഗതിയും കാണുകയോ ആരുടെയെങ്കിലും പ്രവൃത്തികൾ സംശയം ജനിപ്പിക്കുകയോ ആണെങ്കിൽ ഉടനെത്തന്നെ സംഘാടകരെയോ അടുത്തുള്ള ഡ്യൂട്ടിക്കാരെയോ അറി യിക്കുക.. സ്ത്രീകൾ നിശ്ശബ്ദരായി ജൽസ പരിപാടികൾ ശ്രവിക്കേണ്ടതാണ്. ഡ്യൂട്ടി നല്കുന്ന വനിതകളോട് സഹ കരിക്കേണ്ടതാണ്.

അല്ലാഹു എല്ലാവർക്കും ജൽസയെ കൂടുതലായി പ്രയോ ജനപ്പെടുത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു തന്റെ അനുഗ്രഹം ഒന്നു കൊണ്ടു മാത്രം ജൽസയെ എല്ലാ നിലയിലും അനുഗ്രഹപൂർണമാക്കട്ടെ. എല്ലാ കുഴപ്പങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ഏതൊരനുഗ്രഹം മോഹി ച്ചാണോ നാം ഇവിടെ ഒരുമിച്ചു കൂടിയത് നമുക്കത് ലഭിക്കു മാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 03.08.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516